കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 08.09.2020

## 71 കോടി രൂപയുടെ എട്ട് പദ്ധതികൾ നാടിന് സമർപ്പിച്ചു - മന്ത്രി ജി.സുധാകരൻ

സംസ്ഥാനത്തെ അഞ്ച് മണ്ഡലങ്ങളിലായി 71 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചതും ആരംഭിക്കുന്നതുമായ 32.65 കിലോമീറ്റർ റോഡുകൾ ഉൾപ്പെടെയുള്ള 8 പ്രവൃത്തികളുടെ ഉദ്ഘാടനം നിർവ്വഹിച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട മണ്ഡലത്തിലെ കിള്ളി - ഇ.എം.എസ് അക്കാദമി റോഡ് (16.58 കോടി രൂപ), പങ്കജകസ്തൂരി - മുളിയൂർ - കാന്തള റോഡ് (5 കോടി രൂപ), കാട്ടുവിള - ചെറുകോട് - മുക്കം പാലമൂട് റോഡ് (7.89 കോടി രൂപ), കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മണ്ഡലത്തിലെ മേലടി ബീച്ച് റോഡ് (2.5 കോടി രൂപ), നാദാപുരം മണ്ഡലത്തിലെ കക്കട്ട് - കൈവേലി റോഡ് (3.2 കോടി രൂപ), കുറ്റിയാടി - മുള്ളൻകുന്ന് റോഡ് (16.7 കോടി രൂപ), കോട്ടയം ജില്ലയിലെ കോട്ടയം മണ്ഡലത്തിലെ എൽ.ബി.എസ് റോഡ് (9.2 കോടി രൂപ), പാലക്കാട് ജില്ലയിലെ ആലത്തൂർ മണ്ഡലത്തിലെ കൊള്ളിമാട് പാലം (9.78 കോടി രൂപ) എന്നീ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിച്ചതായി മന്ത്രി അറിയിച്ചു.

സെപ്തംബർ 9 ന് 12 നിയോജക മണ്ഡലങ്ങളിലായി 21 പദ്ധതികളുടെ ഉദ്ഘാടന കർമ്മം ഓൺലൈനായി നിർവ്വഹിക്കുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.